പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 593 — 8/07/2013- ൽ മറുപടിക്ക്

## ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി.ബൽറാം:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. പാലോട് രവി: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ക്ഷീരകർഷകരുടെ കറവപ്പശുക്കളെ 50% സബ്സിഡി നിരക്കിൽ പ്രീമിയം ഈടാക്കി ഇൻഷ്വർ ചെയ്യുന്നതാണ് ഈ പദ്ധതി. നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം ഒരു വർഷത്തേക്ക് ഉരുവിന്റെ വിലയുടെ 3.04%, 3 വർഷത്തേക്ക് 6.90% എന്ന നിരക്കിലാണ് ഈടാക്കുന്നത്. കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടി 11 ജില്ലകളിലും സംസ്ഥാന സർക്കാർ ധനസഹായത്തോടെ 3 ജില്ലകളിലും കെ.എൽ.ഡി.ബോർഡും, മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>നിലവിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയാണ് എല്ലാ ജില്ലയിലും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത്. |
| (ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കന്നുകാലികൾക്ക് മരണമോ, മറ്റ് അപകടങ്ങളോ രോഗങ്ങളോ മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്, സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പശുക്കൾക്ക് മരണം സംഭവിക്കുകയാണെങ്കിൽ ഇൻഷ്വറൻസിന്റെ മുഴുവൻ തുകയും, ഉല്പാദനക്ഷമത സ്ഥിരമായി നഷ്ടപ്പെടുകയാണെങ്കിൽ 75% തുകയും നഷ്ടപരിഹാരമായി നൽകും. |
| (സി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇൻഷ്വർ ചെയ്യേണ്ടുന്ന ഉരുവിനെ അടുത്തുള്ള സർക്കാർ മൃഗാശുപത്രിയിലെയോ, കെ.എൽ.ഡി.ബോർഡിലെയോ, വെറ്ററിനറി ഡോക്ടറെക്കൊണ്ട് പരിശോധിപ്പിച്ച് ഇൻഷ്വറൻസ് പോളിസി എടുക്കാവുന്നതാണ്.<br>10 വയസ്സ് വരെയുള്ള പശുക്കളേയും എരുമകളേയും ഇൻഷ്വർ ചെയ്യാവുന്നതാണ്. |

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സംസ്ഥാനസർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടിയും മറ്റ് പതിനൊന്ന് ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടിയും ഗോസുരക്ഷ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

NS